**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കായുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ കുട്ടികൾക്കും മതിയായ മെഡിക്കൽ സഹായവും ആരോഗ്യസംരക്ഷണവും നൽകണമെന്ന് കുട്ടികളുടെ അവകാശം സംബന്ധിച്ച യു.എൻ. കൺവൻഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടു**ണ്ട്.<br>ദേശീയ പദ്ധതിയായ ആർ.ബി.എസ്.കെ വഴി 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശ പ്രകാരം താഴെ കൊടുത്തിരിക്കുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും, ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സൗജന്യമാക്കിയിട്ടുണ്ട്.<br>**1.ജനനവൈകല്യങ്ങൾ (Defect at Birth)**<br>• ന്യൂറൽ ട്യൂബ് ഡിഫക്റ്റ് (Neural Tube Defect)<br>• ഡൗൺസിൻഡ്രോം (Down Syndrome)<br>• മുറിച്ചുണ്ട്/ അണ്ണാക്കിലെ വിടവുകൾ (Cleft lip/ Cleft palate)<br>• കാല്പാദ വൈകല്യങ്ങൾ - Talipes (Club foot)<br>• അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental Dysplasia of the Hip)<br>• ജന്മനാലുള്ള തിമിരം (Congenital Cataract)<br>• ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)<br>• ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)<br>•Retinopathy of Prematurity<br>(മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)<br><br>**2.ന്യൂനതകൾ(Deficiencies)**<br>•വിളർച്ചയും ഗുരുതരമായ അനീമിയയും<br>• വിറ്റാമിൻ A-യുടെ കുറവ് (Bitot Spot)<br>• വിറ്റാമിൻ D-യുടെ കുറവ് (Rickets) |

• ഗുരുതരമായ പോഷകാഹാരക്കുറവ്
• തൊണ്ടവീക്കം(Goiter)

.ശൈശവ രോഗങ്ങൾ (Childhood Diseases)
• ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
• ചെവിക്കുള്ളിലെ അണുബാധ (Otitis Media)
• റുമാറ്റിക്ക് ഹൃദ്രോഗം ((Rheumatic Heart Disease)
• പല്ലിലെ പോട് (Dental Caries)
• ജന്നിരോഗങ്ങൾ (Convulsive Disorders)

**3.വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും** (Developmental delays and Disabilities)
• കാഴ്ചക്കുറവ്
• കേൾവിക്കുറവ്
• Neuro-Motor impairement (ചലനവൈകല്യങ്ങൾ)
• Motor Delay (ചലനവൈകല്യങ്ങൾ)
• ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Congnitive Delay)
•ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)
• ഓട്ടിസം(Autism)
• പഠനവൈകല്യം (Learning Disorder)
• എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)

ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത കുഞ്ഞുങ്ങൾക്ക് ഡി.ഇ.ഐ.സി. യിൽ നിന്നും ആവശ്യമായ ചികിത്സ നൽകി പരിചരിക്കുന്നു. ഇൗ കുഞ്ഞുങ്ങളെ തുടർനിരീക്ഷണത്തിന് വിധേയമാക്കുകയും ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്ത് വരികയും ചെയ്യുന്നു.
ജന്മനായുള്ള ശാരീരിക വൈകല്യങ്ങൾ കണ്ടെത്തുന്നതിന് എല്ലാ സർക്കാർ ഡെലിവറി പോയിന്റുകളിലും പരിശീലനം നൽകി പ്രത്യേക നഴ്സുമാരെ നിയോഗിച്ചിട്ടുണ്ട്. ശലഭം പദ്ധതി വഴി VISIBLE BIRTH DEFECT, ശ്രവണവൈകല്യം, കാഴ്ച സംബന്ധമായ പരിമിതികൾ, ഹൃദയസംബന്ധമായ വൈകല്യങ്ങൾക്കുള്ള പരിശോധനകൾ നടത്തി വരുന്നു. ഇതുകൂടാതെ അംഗനവാടി-സ്കൂൾ തലങ്ങളിലും പ്രതിരോധകുത്തിവയ്പ്പ് എടുക്കുന്ന ആരോഗ്യസ്ഥാപനങ്ങളിലും മേൽ സൂചിപ്പിച്ചിരിക്കുന്ന 30 ആരോഗ്യപ്രശ്നങ്ങൾക്കുള്ള പരിശോധനകൾ നടത്തി വരുന്നു.

| | | | |
|---|---|---|---|
| | | | ആരോഗ്യകിരണം:- RBSK ഉൾപ്പെടുത്തിയിട്ടില്ലാത്ത ആരോഗ്യ അവസ്ഥകളുടെ മെഡിക്കൽ സഹായത്തിനും തുടർചികിത്സയ്ക്കും വേണ്ടി സംസ്ഥാന സർക്കാർ 'ആരോഗ്യകിരണം' പദ്ധതി നടപ്പിലാക്കി വരുന്നു. അപൂർവ്വ രോഗ ബാധിതരായ കുഞ്ഞുങ്ങളുടെ കാര്യത്തിലും സംസ്ഥാനം പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.<br><br>ദേശീയ അപൂർവ്വരോഗ നയത്തിന്റെ ഭാഗമായി SAT ആശുപത്രിയിൽ 2021 ദേശീയ അപൂർവ്വരോഗ നയ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള രോഗാവസ്ഥകൾക്കുള്ള ചികിത്സ നൽകി വരുന്നു. SMA ബാധിതരായ കുഞ്ഞുങ്ങളുടെ ചികിത്സ സർക്കാർ പദ്ധതിയായ KARE പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിവരുന്നു.<br><br>ഹീമോഫീലിയ ബാധിതരായ 18 വയസ്സിനു താഴെയുള്ള മുഴുവൻ കുട്ടികൾക്കും 'ആശാധാര' പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ എമിസിസുമാബ് പ്രൊഫിലാക്സ് നൽകിവരുന്നു. തലാസീമിയ ബാധിതരായ കുട്ടികൾക്ക് ഇതേ പദ്ധതിക്ക് കീഴിൽ തുടർചികിത്സ നൽകി വരുന്നുണ്ട്. അരിവാൾ കോശരോഗ ബാധിതരായ കുഞ്ഞുങ്ങൾക്ക് അത് കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടുന്ന നടപടികൾ രോഗബാധ വ്യാപകമായിട്ടുള്ള വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | കുട്ടികളിലെ മാനസികവും ശാരീരികവുമായ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളും നേരത്തെ കണ്ടെത്താനും സമയബന്ധിതമായി മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശു രോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പിന്തുണയോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം), സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയായ School Health Programme വിപുലപ്പെടുത്തി അങ്കണവാടികൾ/ കിൻഡർ ഗാർഡൻ/ പ്ലേ സ്കൂൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ്പ് സെഷനുകളും കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിംഗ് ആർ ബി എസ് കെ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ RBSK പദ്ധതി വഴി |

സൗജന്യമായി ലഭ്യമാണ്.

**ശലഭം -COMPREHENSIVE NEWBORN SCREENING PROGRAMME (വെബ് പോർട്ടൽ)**

കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ്, ഫോളോഅപ്പ് പ്രവർത്തനങ്ങൾക്കും വേണ്ടി ആരംഭിച്ച പദ്ധതിയാണ് ശലഭം. ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രധാന സ്ക്രീനിംഗ് പരിപാടിയാണ് സമഗ്ര നവജാത ശിശു സ്ക്രീനിംഗ്(Comprehensive Newborn Screening). ഇതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന എല്ലാ നവജാത ശിശുക്കളെയും ഡിസ്ചാർജ് ചെയ്യുന്നതിന് മുമ്പായി വിവിധ പരിശോധനകൾ നടത്തി ശലഭം വെബ്പോർട്ടലിൽ രേഖപ്പെടുത്തുകയും, ഇവ കൃത്യമായ ഇടവേളകളിൽ സാമൂഹ്യതലത്തിൽ തുടർ പരിചരണം ഉറപ്പാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ രാജ്യത്ത് തന്നെ ആദ്യമായി ബർത്ത് ഡിഫക്ടുകൾക്കുള്ള വെബ്പോർട്ടൽ രജിസ്ട്രി തുടങ്ങിയതും കേരളത്തിലാണ്.

**ഹൃദ്യം**

കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്താനും, അഥവാ കണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. വലിയൊരു വിഭാഗം കുട്ടികൾക്കും തുടർചികിത്സ ആവശ്യമാണ്. എന്നാൽ ഹൃദ്യം പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് രോഗം കണ്ടെത്തിയതിനു ശേഷമോ പ്രാഥമിക ചികിത്സ കഴിഞ്ഞോ മിക്ക കുട്ടികൾക്കും തുടർ ചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യമുണ്ടായിരുന്നില്ല. ഇക്കാരണത്താൽ മരണനിരക്ക് വർദ്ധിച്ചുനിൽക്കുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നത്. രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്നതിനും, കൃത്യമായി ഫോളോപ്പ് ചെയ്യുന്നതിനുമുണ്ടായിരുന്ന തടസ്സങ്ങൾ ഹൃദ്യം പദ്ധതി വഴി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അസുഖത്തിന്റെ തോത് അനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും, ഫോളോപ്പ് യഥാവിധി ചെയ്യാനും ഒരു കൃത്യമായ സംവിധാനം ഹൃദ്യം പദ്ധതിയിൽ ഉണ്ട്.

ദേശീയ ആരോഗ്യദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിലെ ഹൃദ്രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം മുകളിൽ വിവരിക്കും

| | | | |
|---|---|---|---|
| | | | പ്രകാരം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും, ഫോളോപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയആരോഗ്യ ദൗത്യം, ഐ.റ്റി വിഭാഗവും, സ്റ്റേറ്റ് ആർ.ബി.എസ്.കെ വിഭാഗവും കൂടി ഒരു വെബ് സൈറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ വെബ് സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ വെബ് സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.<br><br>**<u>FBNC-NBCC,NBSU,SNCU</u>**<br>ഫെസിലിറ്റി ബേസ്ഡ് ന്യൂബോൺ കെയർ (FBNC) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള ഒരു പദ്ധതിയാണ്. നവജാത ശിശു മരണങ്ങൾ കുറയ്ക്കുകയും രോഗികളും ചെറിയ കുഞ്ഞുങ്ങളും ആരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക പരിചരണം ലഭ്യമാക്കുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിന് മൂന്ന് തലങ്ങളിലുള്ള സംവിധാനം പ്രവർത്തിക്കുന്നു :- ന്യൂബോൺ കെയർ കോർണറുകൾ (NBCC) - ജനനത്തിനു ശേഷമുള്ള അടിയന്തര പരിചരണത്തിനായി, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ (NBSU) - ഹ്രസ്വകാല പരിചരണത്തിനും റഫറലിനുമായി, സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ (SNCU) - ഗുരുതരാവസ്ഥയിലുള്ളതും അകാല ജനനവും കൈകാര്യം ചെയ്യുന്നതിനായി ഈ സെന്ററുകളിൽ എല്ലാം തന്നെ നൽകുന്നത് പുനർ-ഉത്തേജനം, താപപരിചരണം, ഫീഡിങ് സപ്പോർട്ട്, അണുബാധ നിയന്ത്രണം, പ്രത്യേക ചികിത്സ തുടങ്ങിയ സേവനങ്ങൾ നൽകി ജനനം മുതൽ സ്ഥിരതയും വീണ്ടെടുക്കലും വരെ സമഗ്ര നവജാത ശിശു പരിചരണം ഉറപ്പാക്കുന്നു. |
| (സി) | കിടപ്പ് രോഗികളായ കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്കായി പ്രത്യേക ഗൃഹകേന്ദ്രീകൃത ആരോഗ്യപരിചരണം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആവിഷ്കരിച്ചിട്ടുണ്ട്.<br>കിടപ്പുരോഗികളായ കുട്ടികൾക്കും ഭിന്നശേഷിക്കാരായ കുട്ടികൾക്കും വേണ്ടി സംസ്ഥാനത്ത് പ്രത്യേക ഗൃഹകേന്ദ്രീകൃത ആരോഗ്യപരിചരണം നടപ്പിലാക്കുന്നതിനായി പീഡിയാട്രിക് പാലിയേറ്റീവ് കെയർ പ്രോഗ്രാം ആരംഭിച്ചിരിക്കുന്നു. ഇത് പ്രധാനമായി കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സമഗ്ര പിന്തുണ നൽകുക, കൂടാതെ പ്രാഥമികാരോഗ്യകേന്ദ്ര തലത്തിൽ തന്നെ കുഞ്ഞുങ്ങളുടെ ആരോഗ്യാവസ്ഥകളെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നീ |

| | | | |
|---|---|---|---|
| | | | ലക്ഷ്യങ്ങളോടെ രൂപകല്പന ചെയ്തതാണ്. പരിപാടിയുടെ ഭാഗമായി ശിശുരോഗ വിദഗ്ധർ, നഴ്സിംഗ് സ്റ്റാഫ്, സ്വകാര്യ മേഖലയിലെ ശിശുരോഗ വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിലുള്ള മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം 25.08.2025-ന് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു. ഇതിനായി ആവിശ്യമായ പരിശീലന മൊഡ്യൂൾ തയാറാക്കുകയും പരിശീലനം നേടിയ ട്രെയിനർമാരുടെ സഹായത്തോടെ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് കിടപ്പുരോഗികളായ കുഞ്ഞുങ്ങളുടെ പരിചരണത്തിനാവശ്യമായ പരിശീലനം 2025 ഒക്ടോബർ–നവംബർ മാസങ്ങളിൽ നൽകാൻ തീരുമാനിച്ചിട്ടുമുണ്ട്. |
| (ഡി) | നവജാതശിശു പരിചരണത്തിന് മികച്ച സൗകര്യങ്ങൾ സംസ്ഥാനം ഒരുക്കിയിട്ടുണ്ടോ; ഈ സർക്കാർ എല്ലാ താലൂക്ക് ആശുപത്രികളിലും നവജാതശിശു പരിചരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ആരംഭിച്ചിട്ടുണ്ട്.<br><br>ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (NBSU) എല്ലാ താലൂക്ക് ആശുപത്രികളിലും നവജാതശിശുക്കളുടെ ഹ്രസ്വകാല പ്രത്യേക പരിചരണ കേന്ദ്രം ആണ്. ജനനത്തിനു ശേഷം ശ്വാസതടസ്സം, കുറഞ്ഞ ഭാരം, ഫീഡിങ് പ്രശ്നങ്ങൾ, നേരിയ അണുബാധ തുടങ്ങിയ പ്രശ്നങ്ങളുള്ള കുഞ്ഞുങ്ങൾക്ക് ഉടൻ തന്നെ പരിചരണം നൽകുക, ആദ്യഘട്ട ചികിത്സ നൽകി കുഞ്ഞിന്റെ ആരോഗ്യസ്ഥിതി സ്ഥിരപ്പെടുത്തുക (stabilization) എന്നിവയാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ആവശ്യമെങ്കിൽ കുഞ്ഞിനെ ജില്ലാ ആശുപത്രികളിലേക്കോ മെഡിക്കൽ കോളേജുകളിലേക്കോ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിലേക്ക് (SNCU) റഫർ ചെയ്യുന്നു. ഇതിലൂടെ എല്ലാ താലൂക്ക് ആശുപത്രി തലത്തിലും നവജാതശിശുക്കൾക്ക് സമയബന്ധിത പരിചരണം ലഭ്യമാക്കി ശിശുമരണനിരക്ക് കുറയ്ക്കുക സാധ്യമാണ്. മികച്ച ഗുണനിലവാരത്തിലുള്ള ശിശുസൗഹൃദസേവനങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി 58 താലൂക്ക് ആശുപത്രികളിലും നവജാതശിശുപരിചരണ യൂണിറ്റുകൾ (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (NBSU) ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ